# 2025 നവംബർ 27 -30 തീയതികളിലെ നന്ദിപ്രകാശന സമന്വയ കോൺഫറൻസിനായുള്ള ദൂതുകളുടെ രൂപരേഖ

## പൊതു വിഷയം:
## മത്തായിയിൽ വെളിപ്പെടുത്തിയിരിക്കുന്ന സർവവും ഉൾക്കൊള്ളുന്ന ക്രിസ്തു

## ദൂത് അഞ്ച്
## നമുക്ക് വിശ്രമം നൽകുന്നവനായ ക്രിസ്തു

MC *Hymns*: ML139, ML487

തിരുവെഴുത്ത് വായന: ഉല്പ. 1:26, 31—2:2; മത്താ. 11:28-30; പുറ. 31:12-17

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

ഉല്പ. 1:31 താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു. സന്ധ്യയായി ഉഷസ്സുമായി, ആറാം ദിവസം.

ഉല്പ. 2:1 ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു.

ഉല്പ. 2:2 താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകലപ്രവൃത്തിയിൽനിന്നും ഏഴാം ദിവസം നിവൃത്തനായി

മത്താ. 11:28 അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും.

മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

മത്താ. 11:30 എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു.

പുറ. 31:12 യഹോവ പിന്നെയും മോശെയോടു കല്പിച്ചതു: നീ യിസ്രായേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: നിങ്ങൾ എന്റെ ശബ്ബത്തുകളെ ആചരിക്കേണം. ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയാകുന്നു എന്നു അറിയേണ്ടതിന്നു അതു തലമുറതലമുറയായി എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളം ആകുന്നു.

പുറ. 31:13 അതുകൊണ്ടു നിങ്ങൾ ശബ്ബത്ത് ആചരിക്കേണം; അതു നിങ്ങൾക്കു വിശുദ്ധം ആകുന്നു.

പുറ. 31:14 അതിനെ അശുദ്ധമാക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം. ആരെങ്കിലും അന്നു വേല ചെയ്താൽ അവനെ അവന്റെ ജനത്തിന്റെ ഇടയിൽനിന്നു ഛേദിച്ചുകളയേണം.

പുറ. 31:15 ആറു ദിവസം വേല ചെയ്യേണം; എന്നാൽ ഏഴാം ദിവസം സ്വസ്ഥമായുള്ള ശബ്ബത്തായി യഹോവെക്കു വിശുദ്ധം ആകുന്നു; ആരെങ്കിലും ശബ്ബത്ത് നാളിൽ വേല ചെയ്താൽ അവൻ മരണശിക്ഷ അനുഭവിക്കേണം.

പുറ. 31:16 ആകയാൽ യിസ്രായേൽമക്കൾ തലമുറതലമുറയായി ശബ്ബത്തിനെ നിത്യനിയമമായിട്ടു ആചരിക്കേണ്ടതിന്നു ശബ്ബത്തിനെ പ്രമാണിക്കേണം.

പുറ. 31:17 അതു എനിക്കും യിസ്രായേൽമക്കൾക്കും മദ്ധ്യേ എന്നേക്കും ഒരു അടയാളം ആകുന്നു; ആറു ദിവസംകൊണ്ടല്ലോ യഹോവ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയതു; ഏഴാംദിവസം അവൻ സ്വസ്ഥമായിരുന്നു വിശ്രമിച്ചു.

I. **"അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും. ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു"—മത്താ. 11:28-30:**

A. ഇവിടെ അധ്വാനിക്കുക എന്നത് ന്യായപ്രമാണത്തിന്റെ കല്പനകളും മതപരമായ ചട്ടങ്ങളും പാലിക്കുവാനായി പരിശ്രമിക്കുന്നതിന്റെ അധ്വാനത്തെ മാത്രമല്ല, ഏതെങ്കിലും ഒരു വേലയിൽ വിജയിക്കുവാൻ തീവ്രയത്നം നടത്തുന്നതിന്റെ അധ്വാനത്തെയും സൂചിപ്പിക്കുന്നു; അങ്ങനെ അധ്വാനിക്കുന്നവൻ എപ്പോഴും കഠിനമായി ഭാരം ചുമക്കുന്നവനാണ്.

B. പിതാവിന്റെ മാർഗം അംഗീകരിക്കുകയും ദിവ്യവ്യവസ്ഥയെ പ്രഖ്യാപിക്കുകയും ചെയ്തുകൊണ്ട്, കർത്താവ് പിതാവിനെ പുകഴ്ത്തിയതിനുശേഷം (വാ. 25-27), അവൻ ഇപ്രകാരമുള്ള ജനത്തെ വിശ്രമത്തിനായി തന്റെ അടുക്കലേക്ക് വരുവാൻ വിളിച്ചു.

| | |
|---|---|
| മത്താ. 11:25 | ആ സമയത്തു യേശു ഉത്തരം പറഞ്ഞു, പിതാവേ, സ്വർഗത്തിന്റെയും ഭൂമിയുടെയും കർത്താവേ, നീ ഈ കാര്യങ്ങളെ ജ്ഞാനികളിൽനിന്നും ബുദ്ധിമാന്മാരിൽനിന്നും മറച്ചുവച്ചു ശിശുക്കൾക്ക് അവയെ വെളിപ്പെടുത്തിയിരിക്കുന്നതിനാൽ ഞാൻ നിന്നെ പുകഴ്ത്തുന്നു. |
| മത്താ. 11:26 | അതേ പിതാവേ, ഇപ്രകാരം അത് നിന്റെ ദൃഷ്ടിയിൽ സുപ്രസാദമായിരിക്കുന്നു. |
| മത്താ. 11:27 | എന്റെ പിതാവിനാൽ സകലവും എനിക്കു നൽകപ്പെട്ടിരിക്കുന്നു, പിതാവൊഴികെ ആരും പുത്രനെ പൂർണമായി അറിയുന്നില്ല; പുത്രനും പുത്രൻ വെളിപ്പെടുത്തുവാൻ ഇച്ഛിക്കുന്നവനുമൊഴികെ ആരും പിതാവിനെയും പൂർണമായി അറിയുന്നില്ല. |

C. വിശ്രമം എന്നത് ന്യായപ്രമാണത്തിന്റെയോ മതത്തിന്റെയോ കീഴിലുള്ളതോ, ഏതെങ്കിലും വേലയുടെയോ ചുമതലയുടെയോ കീഴിലുള്ളതോ ആയ അധ്വാനത്തിൽനിന്നും ഭാരത്തിൽനിന്നും സ്വതന്ത്രരാക്കപ്പെടുന്നതിനെ മാത്രമല്ല, തികഞ്ഞ സമാധാനത്തെയും പൂർണ സംതൃപ്തിയെയും സൂചിപ്പിക്കുന്നു.

D. കർത്താവിന്റെ നുകം എടുക്കുകയെന്നാൽ പിതാവിന്റെ ഹിതം എടുക്കുകയെന്നാണ്. ഇത്, ന്യായപ്രമാണത്തിന്റെയോ മതത്തിന്റെയോ ഏതെങ്കിലും ബാധ്യതയാൽ നിർദേശിക്കപ്പെടുന്നതോ നിയന്ത്രിക്കപ്പെടുന്നതോ, ഏതെങ്കിലും വേലയാൽ അടിമയാക്കപ്പെടുന്നതോ അല്ല, പിതാവിന്റെ ഹിതത്താൽ നിർബന്ധിക്കപ്പെടുന്നതാണ്.

E. പിതാവിന്റെ ഹിതത്തിനുവേണ്ടി മാത്രം കരുതി കർത്താവ് ഇത്തരമൊരു ജീവിതം നയിച്ചു (യോഹ. 4:34; 5:30; 6:38); അവൻ തന്നെത്തന്നെ പൂർണമായി പിതാവിന്റെ ഹിതത്തിന് കീഴ്പ്പെടുത്തി (26:39, 42); അതിനാൽ, തന്നിൽനിന്ന് പഠിക്കുവാൻ അവൻ നമ്മോട് പറയുന്നു:

| | |
|---|---|
| യോഹ. 4:34 | യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു. |
| യോഹ. 5:30 | എന്നിൽനിന്ന് എനിക്ക് ഒന്നും ചെയ്യുവാൻ കഴിയില്ല; ഞാൻ കേൾക്കുന്നതുപോലെ ന്യായം വിധിക്കുന്നു, എന്റെ ന്യായവിധി ന്യായമുള്ളതാകുന്നു, എന്തുകൊണ്ടെന്നാൽ ഞാൻ എന്റെ സ്വന്തം ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ അന്വേഷിക്കുന്നത്. |

യോഹ. 6:38 എന്തെന്നാൽ ഞാൻ എന്റെ ഹിതമല്ല, എന്നെ അയച്ചവന്റെ ഹിതമത്രേ ചെയ്യുവാൻ സ്വർഗത്തിൽനിന്ന് ഇറങ്ങിവന്നിരിക്കുന്നത്.

മത്താ. 26:39 പിന്നെ അൽപം മുമ്പോട്ടുപോയി അവൻ കവിണ്ണുവീണ്, എന്റെ പിതാവേ, കഴിയുമെങ്കിൽ ഈ പാനപാത്രം എന്നിൽ നിന്ന് നീങ്ങിപ്പോകേണമേ; എങ്കിലും ഞാൻ ഇച്ഛിക്കുന്നതുപോലെയല്ല, എന്നാൽ നീ ഇച്ഛിക്കുന്നതുപോലെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു.

മത്താ. 26:42 വീണ്ടും രണ്ടാമതു പോയി അവൻ, എന്റെ പിതാവേ, ഞാൻ ഇതു കുടിച്ചിട്ടല്ലാതെ ഇതു നീങ്ങിപ്പോകുവാൻ കഴിയില്ലെങ്കിൽ, നിന്റെ ഹിതം ആകട്ടെ എന്നു പറഞ്ഞുകൊണ്ട് പ്രാർഥിച്ചു.

1. വിശ്വാസികൾ അവന്റെ നുകം—ദൈവഹിതം—എടുത്തുകൊണ്ട് കർത്താവിനെ അവരുടെ ആത്മാവിൽ പകർത്തുകയും അവന്റെ മാതൃകയനുസരിച്ച് ദൈവത്തിന്റെ വ്യവസ്ഥയ്ക്കായി അധ്വാനിക്കുകയും ചെയ്യുന്നു—11:29; 1 പത്രൊ. 2:21.

    മത്താ. 11:29 ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും.

    1 പത്രൊ. 2:21 ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു;

2. തന്റെ ജീവിതത്തിലുടനീളം പിതാവിന് കീഴ്പെട്ടവനും അനുസരണമുള്ളവനുമായ കർത്താവ്, തന്റെ കീഴ്പെടലിന്റെയും അനുസരണത്തിന്റെയും ജീവിതം നമുക്ക് നൽകിയിരിക്കുന്നു—ഫിലി. 2:5-11; എബ്രാ. 5:7-9.

    ഫിലി. 2:5 ക്രിസ്തു യേശുവിലുള്ള അതേ മനസ്സ് നിങ്ങളിലും ഉണ്ടായിരിക്കട്ടെ,

    ഫിലി. 2:6 അവൻ ദൈവരൂപത്തിൽ നിലനിൽക്കെ, ദൈവത്തോട് സമനായിരിക്കുന്നത് പിടിച്ചു വയ്ക്കുവാനുള്ള ഒരു നിധിയായി കരുതാതെ,

    ഫിലി. 2:7 തന്നെത്താൻ ഒഴിച്ച്, അടിമരൂപം എടുത്ത്, മനുഷ്യ, സാദൃശ്യത്തിലായിത്തീർന്ന്,

    ഫിലി. 2:8 വേഷത്തിൽ മനുഷ്യനായി കാണപ്പെട്ട്, തന്നെത്താൻ താഴ്ത്തി, മരണത്തോളം, ക്രൂശിലെ മരണത്തോളം തന്നെ, അനുസരണമുള്ളവനായിത്തീർന്നു.

    ഫിലി. 2:9 അതുകൊണ്ട് ദൈവവും അവനെ ഏറ്റവും ഉയർത്തി, സകല നാമത്തിനും മേലായ നാമം അവന്റെ മേൽ ചൊരിഞ്ഞു,

    ഫിലി. 2:10 അത് യേശുവിന്റെ നാമത്തിൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും എല്ലാ മുഴങ്കാലും മടങ്ങേണ്ടതിനും,

    ഫിലി. 2:11 എല്ലാ നാവും യേശു ക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി പരസ്യമായി ഏറ്റുപറയേണ്ടതിനും ആകുന്നു.

    എബ്രാ. 5:7 ഇവൻ, തന്റെ ജഡത്തിലെ നാളുകളിൽ, തന്നെ മരണത്തിൽ നിന്ന് രക്ഷിക്കുവാൻ കഴിവുള്ളവനോട് ഉറച്ച നിലവിളിയോടും കണ്ണുനീരോടുംകൂടെ യാചനകളും അപേക്ഷകളും അർപ്പിക്കുകയും തന്റെ ഭക്തി നിമിത്തം കേൾക്കപ്പെടുവാൻ

| | |
|---|---|
| | ഇടയാകുകയും ചെയ്തു, |
| എബ്രാ. 5:8 | പുത്രനായിരുന്നെങ്കിലും, അവൻ കഷ്ടമനുഭവിച്ച കാര്യങ്ങളിൽ നിന്ന് അനുസരണം പഠിച്ചു. |
| എബ്രാ. 5:9 | തികഞ്ഞവനാക്കപ്പെട്ടിട്ട്, തന്നെ അനുസരിക്കുന്ന എല്ലാവർക്കും അവൻ നിത്യരക്ഷയുടെ സ്രോതസ്സായിത്തീർന്നു, |

3. ക്രിസ്തു ഒന്നാം ദൈവ-മനുഷ്യനായിരുന്നു, നമ്മൾ അനേകം ദൈവ-മനുഷ്യരാണ്; ദൈവത്തോടുള്ള അവന്റെ സമ്പൂർണ കീഴ്പെടലിലും ദൈവത്താലുള്ള അവന്റെ പൂർണ സംതൃപ്തിയിലും നാം അവനിൽനിന്ന് പഠിക്കണം.
4. നമുക്ക് അവന്റെ ഹിതം ചെയ്യുവാൻ കഴിയത്തക്കവണ്ണം, ദൈവം തന്റെ ദൃഷ്ടിയിൽ സുപ്രസാദകരമായത് യേശു ക്രിസ്തുവിലൂടെ നമ്മിൽ ചെയ്യുന്നു (13:20-21); തന്റെ സുപ്രസാദത്തിനുവേണ്ടി ഇച്ഛിക്കുന്നതിനും പ്രവൃത്തിക്കുന്നതിനും നമ്മിൽ ദൈവം വ്യാപരിക്കുന്നു (ഫിലി. 2:13).

| | |
|---|---|
| എബ്രാ. 13:20 | നിത്യ ഉടമ്പടിയുടെ രക്തത്തിൽ, ആടുകളുടെ മഹാ ഇടയനായ, നമ്മുടെ കർത്താവായ യേശുവിനെ മരിച്ചവരിൽ നിന്നു പുറത്തുകൊണ്ടുവന്ന, സമാധാനത്തിന്റെ ദൈവം, |
| എബ്രാ. 13:21 | യേശു ക്രിസ്തു മുഖാന്തരം അവന്റെ ദൃഷ്ടിയിൽ സുപ്രസാദകരമായതു നമ്മിൽ ചെയ്തുകൊണ്ട്, അവന്റെ ഹിതം ചെയ്യുന്നതിനായി നിങ്ങളെ സകല സൽപ്രവൃത്തിയിലും തികഞ്ഞവരാക്കട്ടെ. അവന് എന്നെന്നേക്കും മഹത്വം. ആമേൻ. |
| ഫിലി. 2:13 | എന്തെന്നാൽ തന്റെ സുപ്രസാദത്തിനു വേണ്ടി ഇച്ഛിക്കുന്നതിനും പ്രവർത്തിക്കുന്നതിനും നിങ്ങളിൽ വ്യാപരിക്കുന്നവൻ ദൈവമാകുന്നു. |

F. സൗമ്യനായിരിക്കുക, അഥവാ ശാന്തനായിരിക്കുകയെന്നാൽ, എതിർപ്പിനെ ചെറുക്കാതിരിക്കുക എന്നാണ് അർഥം, താഴ്മയുള്ളവൻ ആയിരിക്കുകയെന്നാൽ, ആത്മാഭിമാനം ഇല്ലാതിരിക്കുക എന്നാണ് അർഥം; സകല എതിർപ്പിലും ഉടനീളം കർത്താവ് സൗമ്യനും, സകല തിരസ്കരണത്തിലും ഉടനീളം അവൻ ഹൃദയത്തിൽ താഴ്മയുള്ളവനുമായിരുന്നു.

G. തനിക്കുവേണ്ടി എന്തെങ്കിലും ചെയ്യുവാൻ ആഗ്രഹിക്കുകയോ, തനിക്കുവേണ്ടി എന്തെങ്കിലും നേടുവാൻ പ്രതീക്ഷിക്കുകയോ ചെയ്യാതെ അവൻ പിതാവിന്റെ ഹിതത്തിന് പൂർണമായും കീഴ്പെട്ടു; അതിനാൽ, സാഹചര്യം എന്തായിരുന്നെങ്കിലും അവന് തന്റെ ഹൃദയത്തിൽ വിശ്രമം ഉണ്ടായിരുന്നു; പിതാവിന്റെ ഹിതത്താൽ അവൻ പൂർണമായും സംതൃപ്തനായിരുന്നു.

H. കർത്താവിന്റെ നുകം എടുക്കുകയും അവനിൽനിന്ന് പഠിക്കുകയും ചെയ്യുന്നതിനാൽ നാം കണ്ടെത്തുന്ന വിശ്രമം നമ്മുടെ ദേഹികൾക്കുവേണ്ടിയുള്ളതാണ്; അത് ആന്തരികമായ ഒരു വിശ്രമമാണ്; അത് കേവലം സ്വഭാവത്തിൽ ബാഹ്യമായ ഒന്നല്ല.

I. നാം കർത്താവിന്റെ മാതൃകപ്രകാരം അവനിൽനിന്ന് പഠിക്കുന്നത് നമ്മുടെ സ്വാഭാവിക ജീവനാലല്ല, പുനരുത്ഥാനത്തിലുള്ള നമ്മുടെ ജീവനെന്ന നിലയിൽ അവനാലാണ്—എഫെ. 4:20-21; 1 പത്രൊ. 2:21.

| | |
|---|---|
| എഫെ. 4:20 | യേശുവിൽ യാഥാർഥ്യം ഉള്ളതുപോലെ നിങ്ങൾ അവനെ |

| | |
|---|---|
| | കേൾക്കുകയും അവനിൽ ഉപദേശിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ, |
| എഫെ. 4:21 | നിങ്ങൾ ക്രിസ്തുവിനെ ഇങ്ങനെയല്ല പഠിച്ചത്, |
| 1 പത്രൊ. 2:21 | ഇതിനാകുന്നു നിങ്ങൾ വിളിക്കപ്പെട്ടത്, എന്തുകൊണ്ടെന്നാൽ ക്രിസ്തുവും നിങ്ങൾക്കു പകരം കഷ്ടമേറ്റു, നിങ്ങൾ അവന്റെ കാൽച്ചുവടുകൾ പിന്തുടരേണ്ടതിന് നിങ്ങൾക്ക് ഒരു മാതൃക വച്ചിരിക്കുന്നു; |

J. കർത്താവിന്റെ നുകം, പിതാവിന്റെ ഹിതമാണ്, അവന്റെ ഭാരം, പിതാവിന്റെ ഹിതം നടപ്പാക്കുന്നതായ വേലയുമാണ്; ഇത്തരം നുകം കയ്പുള്ളതല്ല, എളുപ്പമുള്ളതാണ്; ഇത്തരം ഭാരം ഘനമേറിയതല്ല, ലഘുവായതാണ്.

K. *എളുപ്പം* എന്നതിനുള്ള യവനപദത്തിന്റെ അർഥം "ഉപയോഗിക്കത്തക്കത്" എന്നാണ്; തന്മൂലം, കഠിനവും പരുഷവും രൂക്ഷവും കയ്പുള്ളതും എന്നതിന് വിരുദ്ധമായി, നല്ലതും ദയവുള്ളതും മൃദുവും സൗമ്യവും എളുപ്പമുള്ളതും ഹൃദ്യവും ആകുന്നു.

L. നാം കർത്താവിന്റെ നുകം (പിതാവിന്റെ ഹിതം) നമ്മുടെമേൽ എടുത്ത് അവനിൽനിന്ന് പഠിക്കുന്നുവെങ്കിൽ, നമ്മുടെ ദേഹികൾക്ക് നാം വിശ്രമം കണ്ടെത്തും; ദൈവത്തിന്റെ വ്യവസ്ഥയുടെ നുകം ഇങ്ങനെയാണ്; ദൈവത്തിന്റെ വ്യവസ്ഥയിൽ എല്ലാം ഒരു കഠിനമായ ഭാരമല്ല, ഒരു ആസ്വാദനമാണ്.

**II. ദൈവത്തിന്റെ വാസസ്ഥലത്തിന്റെ കെട്ടുപണിയെക്കുറിച്ചുള്ള ഒരു നീണ്ട രേഖയ്ക്കുശേഷം, പുറപ്പാട് 31:12-17-ൽ, ശബ്ബത്ത് ആചരിക്കാനുള്ള കൽപ്പനയുടെ ഒരു ആവർത്തനമുണ്ട്; കൊലൊസ്സ്യർ 2:16-17 അനുസരിച്ച്, ക്രിസ്തു ശബ്ബത്തിൻ വിശ്രമത്തിന്റെ യാഥാർഥ്യമാണ്; അവൻ നമ്മുടെ പൂർത്തീകരണവും, വിശ്രമവും, ശാന്തതയും, പൂർണ സംതൃപ്തിയും ആണ്—എബ്രാ. 4:7-9; യെശ. 30:15:**

| | |
|---|---|
| പുറ. 31:12 | യഹോവ പിന്നെയും മോശെയോടു കല്പിച്ചതു: നീ യിസ്രായേൽമക്കളോടു പറയേണ്ടതു എന്തെന്നാൽ: നിങ്ങൾ എന്റെ ശബ്ബത്തുകളെ ആചരിക്കേണം. ഞാൻ നിങ്ങളെ ശുദ്ധീകരിക്കുന്ന യഹോവയാകുന്നു എന്നു അറിയേണ്ടതിന്നു അതു തലമുറതലമുറയായി എനിക്കും നിങ്ങൾക്കും മദ്ധ്യേ ഒരു അടയാളം ആകുന്നു. |
| പുറ. 31:13 | അതുകൊണ്ടു നിങ്ങൾ ശബ്ബത്ത് ആചരിക്കേണം; അതു നിങ്ങൾക്കു വിശുദ്ധം ആകുന്നു. |
| പുറ. 31:14 | അതിനെ അശുദ്ധമാക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം. ആരെങ്കിലും അന്നു വേല ചെയ്താൽ അവനെ അവന്റെ ജനത്തിന്റെ ഇടയിൽനിന്നു ഛേദിച്ചുകളയേണം. |
| പുറ. 31:15 | ആറു ദിവസം വേല ചെയ്യേണം; എന്നാൽ ഏഴാം ദിവസം സ്വസ്ഥമായുള്ള ശബ്ബത്തായി യഹോവെക്കു വിശുദ്ധം ആകുന്നു; ആരെങ്കിലും ശബ്ബത്ത് നാളിൽ വേല ചെയ്താൽ അവൻ മരണശിക്ഷ അനുഭവിക്കേണം. |
| പുറ. 31:16 | ആകയാൽ യിസ്രായേൽമക്കൾ തലമുറതലമുറയായി ശബ്ബത്തിനെ നിത്യനിയമമായിട്ടു ആചരിക്കേണ്ടതിന്നു ശബ്ബത്തിനെ പ്രമാണിക്കേണം. |
| പുറ. 31:17 | അതു എനിക്കും യിസ്രായേൽമക്കൾക്കും മദ്ധ്യേ എന്നേക്കും ഒരു അടയാളം ആകുന്നു; ആറു ദിവസംകൊണ്ടല്ലോ യഹോവ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയതു; ഏഴാംദിവസം അവൻ സ്വസ്ഥമായിരുന്നു വിശ്രമിച്ചു. |
| കൊലൊ. 2:16 | അതുകൊണ്ട് ഭക്ഷിക്കുകയും കുടിക്കുകയും ചെയ്യുന്നതിലോ, വിരുന്ന്, കറുത്തവാവ്, ശബ്ബത്ത് എന്നിവയെ സംബന്ധിച്ചോ ആരും നിങ്ങളെ വിധിക്കാതിരിക്കട്ടെ, |

കൊലൊ. 2:17 അവ വരുവാനുള്ളവയുടെ നിഴലാകുന്നു, എന്നാൽ ദേഹമോ ക്രിസ്തുവിന്റേതാകുന്നു.

എബ്രാ. 4:7 “ഇന്ന്, നിങ്ങൾ അവന്റെ ശബ്ദം കേട്ടാൽ, നിങ്ങളുടെ ഹൃദയങ്ങളെ കഠിനമാക്കരുത്” എന്ന് മുമ്പ് പറഞ്ഞിരുന്നതുപോലെ, വളരെ കാലത്തിനുശേഷം ദാവീദിൽ പറഞ്ഞുകൊണ്ട്, ഇന്ന്, എന്നൊരു ദിവസം അവൻ വീണ്ടും നിയമിക്കുന്നു.

എബ്രാ. 4:8 യോശുവ അവരെ വിശ്രമത്തിലേക്ക് കൊണ്ടുവന്നു എങ്കിൽ, ഈ കാര്യങ്ങൾക്കുശേഷം അവൻ മറ്റൊരു ദിവസത്തെക്കുറിച്ച് സംസാരിക്കുകയില്ലായിരുന്നു.

എബ്രാ. 4:9 അതിനാൽ ദൈവജനത്തിന് ഒരു ശബ്ബത്തിൻ വിശ്രമം ശേഷിച്ചിരിക്കുന്നു.

യെശ. 30:15 യിസ്രായേലിന്റെ പരിശുദ്ധനായി യഹോവയായ കർത്താവു ഇപ്രകാരം അരുളിച്ചെയ്യുന്നു: മനന്തിരിഞ്ഞു അടങ്ങിയിരുന്നാൽ നിങ്ങൾ രക്ഷിക്കപ്പെടും. വിശ്രമിക്കുന്നതിലും ആശ്രയിക്കുന്നതിലും നിങ്ങളുടെ ബലം;...

A. കൂടാരത്തിന്റെ കെട്ടുപണിയുടെ വേലയ്ക്കുവേണ്ടിയുള്ള ആജ്ഞയെ തുടർന്ന് ശബ്ബത്തിനെക്കുറിച്ച് ഇടയിൽ ചേർത്തിരിക്കുന്നു എന്ന വസ്തുത സൂചിപ്പിക്കുന്നത്, കർത്താവ് പണിയുന്നവരോട്, വേലക്കാരോട്, അവർ തനിക്കുവേണ്ടി വേല ചെയ്യുമ്പോൾ തന്നോടൊപ്പം എങ്ങനെ വിശ്രമിക്കണമെന്ന് പഠിക്കുവാൻ പറയുകയായിരുന്നു എന്നാണ്.

B. കർത്താവിനുവേണ്ടി എങ്ങനെ വേല ചെയ്യണമെന്ന് മാത്രം നാം അറിയുകയും, എന്നാൽ അവനോടുകൂടെ എങ്ങനെ വിശ്രമിക്കണമെന്ന് നാം അറിയാതിരിക്കുകയും ചെയ്യുന്നുവെങ്കിൽ, നാം ദിവ്യ തത്ത്വത്തിന് വിരുദ്ധമായി പ്രവർത്തിക്കുകയാണ്:

1. തന്റെ വേല പൂർത്തിയാക്കി തൃപ്തനായതിനാൽ ഏഴാം ദിവസം ദൈവം വിശ്രമിച്ചു; മനുഷ്യന് ദൈവത്തിന്റെ സ്വരൂപം ഉണ്ടായിരുന്നതിനാലും, അവന്റെ ശത്രുവായ സാത്താനെ കീഴ്പെടുത്തുന്നതിനായി ദൈവത്തിന്റെ അധികാരം പ്രയോഗിക്കാൻ പോകുന്നതിനാലും ദൈവത്തിന്റെ മഹത്വം പ്രകടമായി; മനുഷ്യൻ ദൈവത്തെ ആവിഷ്കരിക്കുകയും ദൈവത്തിന്റെ ശത്രുവിനോട് ഇടപെടുകയും ചെയ്യുന്നിടത്തോളം, ദൈവം സംതൃപ്തനാണ്, അവന് വിശ്രമിക്കുവാൻ കഴിയും—ഉല്പ. 1:26, 31—2:2.

ഉല്പ. 1:26 അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു.

ഉല്പ. 1:31 താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു. സന്ധ്യയായി ഉഷസ്സുമായി, ആറാം ദിവസം.

ഉല്പ. 2:1 ഇങ്ങനെ ആകാശവും ഭൂമിയും അവയിലുള്ള ചരാചരങ്ങളൊക്കെയും തികഞ്ഞു.

ഉല്പ. 2:2 താൻ ചെയ്ത പ്രവൃത്തി ഒക്കെയും ദൈവം തീർത്തശേഷം താൻ ചെയ്ത സകലപ്രവൃത്തിയിൽനിന്നും ഏഴാം ദിവസം നിവൃത്തനായി

2. പിന്നീട്, ഏഴാം ദിവസം ശബ്ബത്തായി ആചരിക്കപ്പെട്ടു (പുറ. 20:8-11); ദൈവത്തിന്റെ ഏഴാം ദിവസം മനുഷ്യന്റെ ഒന്നാം ദിവസമായിരുന്നു.

| | |
|---|---|
| പുറ. 20:8 | ശബ്ബത്ത്നാളിനെ ശുദ്ധീകരിപ്പാൻ ഓർക്ക. |
| പുറ. 20:9 | ആറു ദിവസം അദ്ധ്വാനിച്ചു നിന്റെ വേല ഒക്കെയും ചെയ്ക. |
| പുറ. 20:10 | ഏഴാം ദിവസം നിന്റെ ദൈവമായ യഹോവയുടെ ശബ്ബത്ത് ആകുന്നു; അന്നു നീയും നിന്റെ പുത്രനും പുത്രിയും നിന്റെ വേലക്കാരനും വേലക്കാരത്തിയും നിന്റെ കന്നുകാലികളും നിന്റെ പടിവാതിൽക്കകത്തുള്ള പരദേശിയും ഒരു വേലയും ചെയ്യരുതു. |
| പുറ. 20:11 | ആറു ദിവസംകൊണ്ടു യഹോവ ആകാശവും ഭൂമിയും സമുദ്രവും അവയിലുള്ളതൊക്കെയും ഉണ്ടാക്കി, ഏഴാം ദിവസം സ്വസ്ഥമായിരുന്നു; അതുകൊണ്ടു യഹോവ ശബ്ബത്തുനാളിനെ അനുഗ്രഹിച്ചു ശുദ്ധീകരിച്ചിരിക്കുന്നു. |

3. ദൈവം മനുഷ്യന്റെ ആസ്വാദനത്തിനായി എല്ലാം ഒരുക്കിയിരുന്നു; മനുഷ്യൻ സൃഷ്ടിക്കപ്പെട്ടതിനുശേഷം, അവൻ ദൈവത്തിന്റെ വേലയിൽ പങ്കുചേർന്നില്ല; അവൻ ദൈവത്തിന്റെ വിശ്രമത്തിലേക്ക് പ്രവേശിച്ചു.
4. മനുഷ്യൻ ഒന്നാമതായി വേല ചെയ്യുവാനല്ല, ദൈവത്താൽ സംതൃപ്തനായി ദൈവത്തോടുകൂടെ വിശ്രമിക്കുവാനാണ് സൃഷ്ടിക്കപ്പെട്ടത് (പ്ര.നി. മത്താ. 11:28-30); മനുഷ്യൻ ശബ്ബത്തിനായിട്ടല്ല, ശബ്ബത്ത് മനുഷ്യനായിട്ടാണ് നിർമ്മിച്ചത് (മർക്കൊ. 2:27).

| | |
|---|---|
| മത്താ. 11:28 | അധ്വാനിക്കുന്നവരും ഭാരം ചുമക്കുന്നവരുമായ എല്ലാവരും എന്റെ അടുക്കൽ വരുവിൻ, ഞാൻ നിങ്ങൾക്കു വിശ്രമം നൽകും. |
| മത്താ. 11:29 | ഞാൻ സൗമ്യനും ഹൃദയത്തിൽ താഴ്മയുള്ളവനും ആകയാൽ, എന്റെ നുകം നിങ്ങളുടെമേൽ എടുത്ത് എന്നിൽനിന്ന് പഠിക്കുവിൻ, നിങ്ങളുടെ ദേഹികൾക്കു നിങ്ങൾ വിശ്രമം കണ്ടെത്തും. |
| മത്താ. 11:30 | എന്തെന്നാൽ എന്റെ നുകം എളുപ്പവും എന്റെ ഭാരം ലഘുവും ആകുന്നു. |
| മർക്കൊ. 2:27 | പിന്നെ അവൻ അവരോട്, മനുഷ്യൻ ശബ്ബത്തിനായിട്ടല്ല, ശബ്ബത്ത് മനുഷ്യനായിട്ടത്രേ ഉളവായത്. |

C. പുറപ്പാട് 31:17 പറയുന്നു, "ആറു ദിവസം കൊണ്ടല്ലോ യഹോവ ആകാശത്തെയും ഭൂമിയെയും ഉണ്ടാക്കിയത്, ഏഴാം ദിവസം അവൻ സ്വസ്ഥനായിരുന്നു വിശ്രമിച്ചു":

1. ശബ്ബത്ത് ദൈവത്തിന് ഒരു വിശ്രമം മാത്രമല്ല, അവന് ഒരു നവോന്മേഷം കൂടിയായിരുന്നു.
2. സൃഷ്ടിയുടെ വേല പൂർത്തിയാക്കിയശേഷം ദൈവം വിശ്രമിച്ചു; അവൻ തന്റെ കൈവേലയായ, ആകാശത്തെയും ഭൂമിയെയും, എല്ലാ ജീവജാലങ്ങളെയും, പ്രത്യേകിച്ച് മനുഷ്യനെയും നോക്കി പറഞ്ഞു, "എത്രയും നല്ലത്!"—ഉല്പ. 1:31.

| | |
|---|---|
| ഉല്പ. 1:31 | താൻ ഉണ്ടാക്കിയതിനെ ഒക്കെയും ദൈവം നോക്കി, അതു എത്രയും നല്ലതു എന്നു കണ്ടു. സന്ധ്യയായി ഉഷസ്സുമായി, ആറാം ദിവസം. |

3. ദൈവം മനുഷ്യനാൽ ഉന്മേഷവാനായി; മനുഷ്യന് തന്നോട് കൂട്ടായ്മ ഉണ്ടാകേണ്ടതിന് ദൈവം ഒരു ആത്മാവോടുകൂടെ മനുഷ്യനെ തന്റെ സ്വന്തം

സ്വരൂപത്തിൽ സൃഷ്ടിച്ചു; അതിനാൽ മനുഷ്യൻ ദൈവത്തിന്റെ ഉന്മേഷമായിരുന്നു—വാ. 26; 2:7; പ്ര.നി. യോഹ. 4:31-34.

| | |
|---|---|
| ഉല്പ. 1:26 | അനന്തരം ദൈവം: നാം നമ്മുടെ സ്വരൂപത്തിൽ നമ്മുടെ സാദൃശ്യപ്രകാരം മനുഷ്യനെ ഉണ്ടാക്കുക; അവർ സമുദ്രത്തിലുള്ള മത്സ്യത്തിന്മേലും ആകാശത്തിലുള്ള പറവജാതിയിന്മേലും മൃഗങ്ങളിന്മേലും സർവ്വഭൂമിയിന്മേലും ഭൂമിയിൽ ഇഴയുന്ന എല്ലാ ഇഴജാതിയിന്മേലും വാഴട്ടെ എന്നു കല്പിച്ചു. |
| ഉല്പ. 2:7 | യഹോവയായ ദൈവം നിലത്തെ പൊടികൊണ്ടു മനുഷ്യനെ നിർമ്മിച്ചിട്ടു അവന്റെ മൂക്കിൽ ജീവശ്വാസം ഊതി, മനുഷ്യൻ ജീവനുള്ള ദേഹിയായി തീർന്നു. |
| യോഹ. 4:31 | അതിനിടയിൽ ശിഷ്യന്മാർ, റബ്ബീ, ഭക്ഷിച്ചാലും, എന്ന് അവനോട് അഭ്യർഥിച്ചു. |
| യോഹ. 4:32 | എന്നാൽ അവൻ അവരോട്, നിങ്ങൾ അറിയാത്ത ആഹാരം എനിക്കു ഭക്ഷിക്കുവാൻ ഉണ്ട്, എന്നു പറഞ്ഞു. |
| യോഹ. 4:33 | അതുകൊണ്ട് ശിഷ്യന്മാർ പരസ്പരം, ആരെങ്കിലും അവനു ഭക്ഷിക്കുവാൻ കൊണ്ടുവന്നോ? എന്നു ചോദിച്ചു |
| യോഹ. 4:34 | യേശു അവരോട്, എന്റെ ആഹാരം എന്നെ അയച്ചവന്റെ ഹിതം ചെയ്ത് അവന്റെ വേല പൂർത്തിയാക്കുന്നതാകുന്നു. |

4. മനുഷ്യവർഗത്തെ സൃഷ്ടിക്കുന്നതിനുമുമ്പ് ദൈവം ഒരു "അവിവാഹിതൻ" ആയിരുന്നു (പ്ര.നി. ഉല്പ. 2:18, 22); മനുഷ്യൻ തന്നെ സ്വീകരിക്കണമെന്നും, തന്നെ സ്നേഹിക്കണമെന്നും, തന്നാൽ നിറയണമെന്നും, തന്റെ ഭാര്യയാകുവാൻ തന്നെ ആവിഷ്കരിക്കണമെന്നും അവൻ ആഗ്രഹിച്ചു (2 കൊരി. 11:2; എഫെ. 5:25); വരുംകാല നിത്യതയിൽ ദൈവത്തിന് പുതിയ യെരൂശലേം എന്ന ഒരു ഭാര്യ ഉണ്ടായിരിക്കും, അവൾ കുഞ്ഞാടിന്റെ ഭാര്യ എന്ന് വിളിക്കപ്പെടുന്നു (വെളി. 21:9-10).

| | |
|---|---|
| ഉല്പ. 2:18 | അനന്തരം യഹോവയായ ദൈവം: മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവന്നു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും എന്നു അരുളിച്ചെയ്തു. |
| ഉല്പ. 2:22 | യഹോവയായ ദൈവം മനുഷ്യനിൽനിന്നു എടുത്ത വാരിയെല്ലിനെ ഒരു സ്ത്രീയാക്കി, അവളെ മനുഷ്യന്റെ അടുക്കൽ കൊണ്ടുവന്നു. |
| 2 കൊരി. 11:2 | എന്തെന്നാൽ ഞാൻ നിങ്ങളെക്കുറിച്ച് ദൈവത്തിന്റെ തീക്ഷ്ണതയോടെ തീക്ഷ്ണതയുള്ളവനാകുന്നു; ഞാൻ ക്രിസ്തു എന്ന ഏക ഭർത്താവിന് നിങ്ങളെ നിർമല കന്യകയായി മുൻനിർത്തുവാൻ വിവാഹനിശ്ചയം ചെയ്തു. |
| എഫെ. 5:25 | ഭർത്താക്കന്മാരേ, ക്രിസ്തു സഭയെ സ്നേഹിച്ച് തന്നെത്താൻ അവൾക്കുവേണ്ടി ഏൽപ്പിച്ചു കൊടുത്തതുപോലെ നിങ്ങളുടെ ഭാര്യമാരെ സ്നേഹിക്കുവിൻ, |
| വെളി. 21:9 | ഒടുക്കത്തെ ഏഴു ബാധകൾ നിറഞ്ഞ ഏഴു കലശങ്ങൾ ഉണ്ടായിരുന്ന ഏഴു ദൂതന്മാരിൽ ഒരുവൻ വന്ന് എന്നോട്, ഇവിടെ വരിക; കുഞ്ഞാടിന്റെ കാന്തയായ മണവാട്ടിയെ ഞാൻ നിനക്കു കാണിച്ചുതരാം എന്നു പറഞ്ഞു. |
| വെളി. 21:10 | അവൻ എന്നെ ആത്മാവിൽ വലുതും ഉയർന്നതുമായ ഒരു മലമേൽ എടുത്തുകൊണ്ടുപോയി, യെരൂശലേം എന്ന വിശുദ്ധനഗരം സ്വർഗത്തിൽ നിന്ന് ദൈവത്തിന്റെ |

പക്കൽനിന്ന്, ദൈവ തേജസ്സുള്ളതായി ഇറങ്ങിവരുന്നത് കാണിച്ചുതന്നു.

5. ദൈവത്തിന്റെ ദാഹം ശമിപ്പിക്കുവാനും അവനെ തൃപ്തിപ്പെടുത്തുവാനും മനുഷ്യൻ ഒരു ഉന്മേഷദായക പാനീയം പോലെയായിരുന്നു; ദൈവം തന്റെ വേല അവസാനിപ്പിച്ച് വിശ്രമിക്കാൻ തുടങ്ങിയപ്പോൾ, അവന് മനുഷ്യൻ തന്റെ സുഹൃത്തായി ഉണ്ടായിരുന്നു.
6. ദൈവത്തിന് ഏഴാം ദിവസം വിശ്രമത്തിന്റെയും ഉന്മേഷത്തിന്റെയും ദിവസമായിരുന്നു; എന്നിരുന്നാലും, ദൈവത്തിന്റെ സുഹൃത്തായ മനുഷ്യന്, വിശ്രമത്തിന്റെയും ഉന്മേഷത്തിന്റെയും ദിവസം ഒന്നാം ദിവസമായിരുന്നു; മനുഷ്യന്റെ ഒന്നാം ദിവസം ആസ്വാദനത്തിന്റെ ദിവസമായിരുന്നു.

D. നമുക്ക് ആസ്വാദനം ഉണ്ടായിരിക്കുന്നതു വരെ ദൈവം നമ്മോട് വേല ചെയ്യുവാൻ ആവശ്യപ്പെടുന്നില്ല എന്നത് ഒരു ദിവ്യ തത്ത്വമാണ്; അവനോടുകൂടെയും അവനെയും പൂർണമായി ആസ്വദിച്ചശേഷം, നമുക്ക് അവനോടൊപ്പം ഒരുമിച്ച് വേല ചെയ്യുവാൻ കഴിയും:

1. ദൈവത്തോടുകൂടെ എങ്ങനെ ആസ്വാദനം ഉണ്ടായിരിക്കണമെന്നും, ദൈവത്തെത്തന്നെ എങ്ങനെ ആസ്വദിക്കണമെന്നും, ദൈവത്താൽ എങ്ങനെ നിറയണമെന്നും നമുക്ക് അറിയില്ലെങ്കിൽ, അവന്റെ ദിവ്യവേലയിൽ അവനോടുകൂടെ എങ്ങനെ വേല ചെയ്യണമെന്നും, അവനുമായി എങ്ങനെ ഒന്നായിരിക്കണമെന്നും നാം അറിയുകയില്ല; ദൈവം തന്റെ വേലയിൽ നിവർത്തിച്ചതിനെ മനുഷ്യൻ ആസ്വദിക്കുന്നു.
2. പെന്തക്കോസ്ത് നാളിൽ ശിഷ്യന്മാർ ആത്മാവിനാൽ നിറഞ്ഞു, എന്നുവച്ചാൽ അവർ കർത്താവിന്റെ ആസ്വാദനത്താൽ നിറഞ്ഞു; അവർ ആത്മാവിനാൽ നിറഞ്ഞതുകൊണ്ട്, മറ്റുള്ളവർ അവർ വീഞ്ഞു കുടിച്ചു മത്തരാണെന്ന് കരുതി—പ്രവൃ. 2:4, 12-13.

| | |
|---|---|
| പ്രവൃ. 2:4 | അവർ എല്ലാവരും പരിശുദ്ധാത്മാവിനാൽ നിറയുകയും, ആത്മാവ് അവർക്ക് സംസാരിക്കുവാൻ നൽകിയതുപോലെ, വ്യത്യസ്ത ഭാഷകളിൽ സംസാരിക്കുവാൻ തുടങ്ങുകയും ചെയ്തു. |
| പ്രവൃ. 2:12 | അവർ എല്ലാവരും, ഇതിന്റെ അർഥം എന്ത്? എന്ന് അന്യോന്യം പറഞ്ഞുകൊണ്ട് അമ്പരന്നും പരിഭ്രമിച്ചും ഇരുന്നു. |
| പ്രവൃ. 2:13 | എന്നാൽ മറ്റുള്ളവർ, അവർ പുതുവീഞ്ഞിനാൽ നിറഞ്ഞിരിക്കുന്നു എന്ന് പരിഹസിച്ചു പറഞ്ഞു. |

3. വാസ്തവത്തിൽ, അവർ സ്വർഗീയ വീഞ്ഞിന്റെ ആസ്വാദനത്താൽ നിറഞ്ഞിരുന്നു; ഈ ആസ്വാദനത്താൽ നിറഞ്ഞതിനുശേഷം മാത്രമാണ് അവർ ദൈവവുമായുള്ള ഒരുമയിൽ അവനോടൊപ്പം വേല ചെയ്യുവാൻ തുടങ്ങിയത്; പെന്തക്കോസ്ത് എട്ടാം ആഴ്ചയയുടെ ഒന്നാം നാളായിരുന്നു; അതിനാൽ, പെന്തക്കോസ്ത് നാളിനോടുള്ള ബന്ധത്തിൽ, നാം ഒന്നാം ദിവസത്തിന്റെ തത്ത്വം കാണുന്നു.
4. ദൈവത്തോടുള്ള ബന്ധത്തിൽ അത് വേല ചെയ്യുകയും വിശ്രമിക്കുകയും ചെയ്യുന്നതിന്റെ കാര്യമാണ്; മനുഷ്യനോടുള്ള ബന്ധത്തിൽ അത് വിശ്രമത്തിന്റെയും വേലയുടെയും കാര്യമാണ്.

E. സമാഗമനകൂടാരം പണിയുന്ന വേല മുൻകുറിക്കുന്ന, സഭ കെട്ടുപണിചെയ്യുന്നതിനായി ദൈവത്തിന്റെ ദിവ്യവേല ചെയ്യുന്നതിൽ, നാം ദൈവജനമാണെന്നും നമുക്ക് അവനെ ആവശ്യമാണെന്നും സൂചിപ്പിക്കുന്ന ഒരു അടയാളം നാം വഹിക്കണം; അപ്പോൾ നമുക്ക് ദൈവത്തിനുവേണ്ടി മാത്രമല്ല, ദൈവത്തോടുകൂടെ ഒന്നായിരുന്നുകൊണ്ട് ദൈവത്തോടൊപ്പം വേലചെയ്യുവാൻ കഴിയും; അവൻ വേല ചെയ്യുവാനുള്ള നമ്മുടെ ശക്തിയും അധ്വാനിക്കാനുള്ള നമ്മുടെ ഊർജ്ജവുമാകും:

1. നാം ദൈവജനമാണ്, അവനെ മാനിക്കുന്നതിനും മഹത്വപ്പെടുത്തുന്നതിനും വേണ്ടി അവനായി വേലചെയ്യുവാൻ കഴിയുന്നതിന്, അവനെ നമ്മുടെ ആസ്വാദനവും ശക്തിയും ഊർജ്ജവും സകലവുമായിരിക്കുവാൻ നമുക്ക് അവനെ ആവശ്യമാണെന്ന ഒരു അടയാളം നാം വഹിക്കണം.
2. ദൈവത്തിനുവേണ്ടി വേലചെയ്യുന്നതിനുമുമ്പ്, നാം ദൈവത്തെ ആസ്വദിക്കുകയും അവനാൽ നിറയുകയും വേണമെന്നാണ് ശബ്ബത്ത് അർഥമാക്കുന്നത്; പത്രൊസ് ഉൾനിറയ്ക്കുന്ന ദൈവത്താൽ, ഉൾനിറയ്ക്കുന്ന ആത്മാവിനാൽ സുവിശേഷം പ്രസംഗിച്ചു; അതിനാൽ, താൻ ദൈവത്തിന്റെ കൂട്ടുവേലക്കാരനാണെന്നതിന്റെ ഒരു അടയാളം പത്രൊസിനുണ്ടായിരുന്നു, അവന്റെ സുവിശേഷ പ്രസംഗം ദൈവത്തിന് ഒരു മാനവും മഹത്വവുമായിരുന്നു—വാ. 14.

| | |
|---|---|
| പ്രവൃ. 2:14 | എന്നാൽ പത്രൊസ് പതിനൊന്നു പോരൊടുകൂടെ നിന്ന്, ശബ്ദം ഉയർത്തി അവരോട് പറഞ്ഞു: യെഹൂദാപുരുഷന്മാരും യെരൂശലേമിൽ വസിക്കുന്ന എല്ലാവരുമേ, നിങ്ങൾ ഇത് അറിഞ്ഞിരിക്കട്ടെ, എന്റെ വാക്കുകൾക്ക് ചെവി തരുവിൻ. |

3. ദൈവജനമെന്ന നിലയിൽ, നാം ദൈവത്തോടൊപ്പം വിശ്രമിക്കുകയും, ദൈവത്തെ ആസ്വദിക്കുകയും, ഒന്നാമതായി ദൈവത്താൽ നിറയുകയും, അതിനുശേഷം നമ്മെ നിറയ്ക്കുന്നവനോടൊപ്പം വേലചെയ്യുകയും ചെയ്യുന്നു എന്നതിന്റെ ഒരു അടയാളം നാം വഹിക്കണം; കൂടാതെ, നാം ദൈവത്തോടുകൂടെ മാത്രമല്ല, ദൈവവുമായി ഒന്നായിരിക്കുന്നവരായും വേലചെയ്യുന്നു.
4. ദൈവജനത്തോടുള്ള നമ്മുടെ സംസാരത്തിൽ, വചനം ശുശ്രൂഷിക്കുന്നതിനായി കർത്താവാണ് നമ്മുടെ ശക്തിയും, നമ്മുടെ ഊർജ്ജവും, നമ്മുടെ സകലവും എന്ന അടയാളം വഹിക്കുവാൻ നാം എപ്പോഴും അന്വേഷിക്കണം—2 കൊരി. 13:3; പ്രവൃ. 6:4.

| | |
|---|---|
| 2 കൊരി. 13:3 | എന്നിൽ സംസാരിക്കുന്ന ക്രിസ്തുവിന്റെ തെളിവ് നിങ്ങൾ അന്വേഷിക്കുന്നുവല്ലോ, അവൻ നിങ്ങൾക്ക് ബലഹീനനല്ല, നിങ്ങളിൽ ശക്തനത്രേ. |
| പ്രവൃ. 6:4 | എന്നാൽ ഞങ്ങൾ പ്രാർഥനയിലും വചന ശുശ്രൂഷയിലും ദൃഢചിത്തരായി തുടരും. |

F. ശബ്ബത്ത് ആചരണം ഒരു നിത്യ കരാർ അഥവാ ഉടമ്പടി കൂടിയാണ്, അത് ഒന്നാമതായി നാം ദൈവത്തെ ആസ്വദിച്ചും അവനാൽ നിറഞ്ഞുംകൊണ്ട് അവനോട് ഒന്നായിരിക്കുമെന്നും, അതിനുശേഷം അവനുവേണ്ടിയും

അവനോടൊപ്പവും അവനുമായുള്ള ഒരുമയിലും വേലചെയ്യുമെന്നും ദൈവത്തിന് ഉറപ്പുനൽകുന്നു—പുറ. 31:16:

പുറ. 31:16 ആകയാൽ യിസ്രായേൽമക്കൾ തലമുറതലമുറയായി ശബ്ബത്തിനെ നിത്യനിയമമായിട്ടു ആചരിക്കേണ്ടതിന്നു ശബ്ബത്തിനെ പ്രമാണിക്കേണം.

1. കർത്താവിനെ ഉള്ളിലേക്ക് എടുത്ത് അവനെ കുടിച്ചും ഭക്ഷിച്ചുംകൊണ്ട് അവനെ ആസ്വദിക്കാതെ, നമ്മാളാൽത്തന്നെ അവനുവേണ്ടി വേലചെയ്യുന്നത് ഗൗരവമേറിയ ഒരു കാര്യമാണ്—പ്ര.നി. 1 കൊരി. 12:13; യോഹ. 6:57.

 1 കൊരി. 12:13 യെഹൂദന്മാരോ യവനന്മാരോ ആകട്ടെ, അടിമകളോ സ്വതന്ത്രരോ ആകട്ടെ, നമ്മെ എല്ലാവരെയും ഒരു ആത്മാവിൽ ഒരു ശരീരത്തിലേക്ക് സ്നാനപ്പെടുത്തുകയും, എല്ലാവർക്കും ഒരു ആത്മാവിനെ പാനം ചെയ്യുവാൻ നൽകുകയും ചെയ്തു.

 യോഹ. 6:57 ജീവനുള്ള പിതാവ് എന്നെ അയച്ചിട്ട്, ഞാൻ പിതാവിന്മൂലം ജീവിക്കുന്നതുപോലെ, എന്നെ ഭക്ഷിക്കുന്നവൻ എന്മൂലം ജീവിക്കും.

2. പെന്തക്കോസ്ത് നാളിൽ പത്രൊസ് സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ, അവൻ ആന്തരികമായി യേശുവിൽനിന്ന് പങ്കുകൊണ്ട് അവനെ കുടിക്കുകയും ഭക്ഷിക്കുകയും ചെയ്യുകയായിരുന്നു.

G. ശബ്ബത്ത് വിശുദ്ധീകരണത്തിന്റെ വിഷയം കൂടിയാണ് (പുറ. 31:13); നാം കർത്താവിനെ ആസ്വദിച്ചശേഷം, അവനോടുകൂടെയും അവനുവേണ്ടിയും അവനോട് ഒന്നായിരിക്കുകയും ചെയ്തുകൊണ്ട് വേല ചെയ്യുമ്പോൾ, സ്വതവേ നാം, പൊതുവായ എല്ലാത്തിൽനിന്നും ദൈവത്തിനായി വിശുദ്ധീകരിക്കപ്പെട്ടും വേർതിരിക്കപ്പെട്ടും, ജഡികവും സ്വാഭാവികവുമായ എല്ലാറ്റിനെയും പകരംവയ്ക്കുവാൻ ദൈവത്താൽ സാന്ദ്രീകരിക്കപ്പെടുന്നു.

പുറ. 31:13 അതുകൊണ്ടു നിങ്ങൾ ശബ്ബത്ത് ആചരിക്കേണം; അതു നിങ്ങൾക്കു വിശുദ്ധം ആകുന്നു.

H. സഭാജീവിതത്തിൽ, ഒന്നാമതായി കർത്താവിനെ ആസ്വദിക്കാതെയും, കർത്താവിനോട് ഒന്നായി അവനെ സേവിക്കാതെയും നമുക്ക് അനേകം കാര്യങ്ങൾ ചെയ്യുവാൻ കഴിയും; അത്തരം സേവനം ആത്മിക മരണത്തിലും ശരീരത്തിലെ കൂട്ടായ്മ നഷ്ടപ്പെടുന്നതിലും കലാശിക്കുന്നു (വാ. 14-15).

പുറ. 31:14 അതിനെ അശുദ്ധമാക്കുന്നവൻ മരണശിക്ഷ അനുഭവിക്കേണം. ആരെങ്കിലും അന്നു വേല ചെയ്താൽ അവനെ അവന്റെ ജനത്തിന്റെ ഇടയിൽനിന്നു ഛേദിച്ചുകളയേണം.

പുറ. 31:15 ആറു ദിവസം വേല ചെയ്യേണം; എന്നാൽ ഏഴാം ദിവസം സ്വസ്ഥമായുള്ള ശബ്ബത്തായി യഹോവെക്കു വിശുദ്ധം ആകുന്നു; ആരെങ്കിലും ശബ്ബത്ത് നാളിൽ വേല ചെയ്താൽ അവൻ മരണശിക്ഷ അനുഭവിക്കേണം.

I. ദൈവത്തിന്റെ വാസസ്ഥലവുമായി ബന്ധപ്പെട്ട എല്ലാ കാര്യങ്ങളും നമ്മെ ഒരു കാര്യത്തിലേക്ക് നയിക്കുന്നു—കർത്താവിന്റെ വിശ്രമത്തോടും ഉന്മേഷത്തോടുംകൂടിയ ശബ്ബത്തിലേക്ക്; സഭാജീവിതത്തിൽ നാം കൂടാരത്തിലാണ്, കൂടാരം നമ്മെ വിശ്രമത്തിലേക്ക്, ദൈവത്തിന്റെ

ഉദ്ദേശ്യത്തിന്റെയും അവൻ ചെയ്ത കാര്യങ്ങളുടെയും ആസ്വാദനത്തിലേക്ക് നയിക്കുന്നു!

J. കൂടാരത്തിന്റെയും അതിലെ എല്ലാ ഉപകരണങ്ങളുടെയും പണിയുടെ വേല (സഭയെ കെട്ടുപണിചെയ്യുന്നതിനുള്ള കർത്താവിന്റെ വേലയെ മുൻകുറിക്കുന്നു) ദൈവത്തെ ആസ്വാദിക്കുന്നതോടുകൂടെ ആരംഭിക്കുകയും, ദൈവത്തെ ആസ്വദിക്കുന്നതിലൂടെയുള്ള നവോന്മേഷത്തോടുകൂടിയ ഇടവേളകളിൽ തുടരുകയും വേണം; ഇത് നമ്മുടെ സ്വന്തം ശക്തിയാലല്ല, മറിച്ച് അവന്റെ ആസ്വാദനത്താലും അവനോടൊപ്പം ഒന്നായിരുന്നുകൊണ്ടുമാണ് നാം ദൈവത്തിനുവേണ്ടി വേലചെയ്യുന്നതെന്ന് സൂചിപ്പിക്കും; ഇത് നമ്മുടെ ആത്മാവിൽ ആന്തരിക വിശ്രമമായി ക്രിസ്തുവിനൊടൊപ്പം ശബ്ബത്തിന്റെ തത്ത്വം കാക്കുന്നതാണ്.